**പ്രതിവാരം**

**സീതി**

# അഛരൻ അപ്പം ചുട്ടു, അഥവാ പരിഷത്തിന്റെ വിദ്യാഭ്യാസ ചിന്തകൾ

*__എന്നാൽ__ ഞങ്ങളുടെ വിഷമകരവും വീരോചിതവുമായ ചരിത്രത്തിന്റെ വർഷങ്ങളിൽ, അമ്മയെന്ന നിലയിലും ഗൃഹനായികയെന്ന നിലയിലും സ്വന്തം കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുക എന്ന ഒഴിച്ചുകൂടാനാകാത്ത ജോലിയിലും സ്ത്രീകൾക്കുള്ള സ്ഥാനത്തു നിന്ന് ഉയർന്നുവരുന്ന സ്ത്രീകളുടെ പ്രത്യേക അവകാശങ്ങൾക്കും ആവശ്യങ്ങൾക്കും പരിഗണന നൽകുന്നതിൽ ഞങ്ങൾ പരാജയപ്പെട്ടു. ശാസ്ത്രീയ ഗവേഷണങ്ങളിൽ ഏർപ്പെടുകയും നിർമാണ സ്ഥലങ്ങളിലും ഉൽപാദനത്തിലും സേവനതുറകളിലും പണിയെടുക്കുകയും സർഗാത്മക പ്രവർത്തനങ്ങളിൽ പങ്കെടുക്കുകയും ചെയ്യുന്നതിനാൽ സ്ത്രീക്ക് വീട്ടിൽ അവരുടെ ദൈനംദിന കടമകൾ നിർവഹിക്കുന്നതിന്-വീട്ടുജോലി, കുട്ടികളെ വളർത്തൽ, നല്ല കുടുംബാന്തരീക്ഷം സൃഷ്ടിക്കൽ-മതിയായ സമയം കിട്ടാതെ വരുന്നു. ഞങ്ങളുടെ പല പ്രശ്നങ്ങൾക്കും-കുട്ടികളുടെയും യുവജനങ്ങളുടെയും പെരുമാറ്റത്തിലും ഞങ്ങളുടെ ധാർമിക മൂല്യങ്ങളിലും സംസ്കാരത്തിലും ഉൽപാദനത്തിലുമുള്ള പ്രശ്നങ്ങൾക്കും-ഭാഗികമായ കാരണം ദുർബലമാവുന്ന കുടുംബബന്ധങ്ങളും കുടുംബപരമായ ഉത്തരവാദിത്വങ്ങളോടുള്ള തണുത്ത സമീപനങ്ങളുമാണെന്ന് ഞങ്ങൾ കണ്ടെത്തിയിരിക്കുന്നു. എല്ലാ കാര്യത്തിലും സ്ത്രീയെ പുരുഷന് തുല്യമാക്കണമെന്ന ഞങ്ങളുടെ ആത്മാർഥവും രാഷ്ട്രീയമായി നീതീകരിക്കത്തക്കതുമായ ആഗ്രഹത്തിന്റെ ഫലമാണ് ഈ വിരോധാഭാസം. ഇപ്പോൾ പെരിസ്ത്രോയിക്കയുടെ പ്രക്രിയയിൽ ഈ കുറവ് ഞങ്ങൾ തരണം ചെയ്യാൻ തുടങ്ങിയിരിക്കുന്നു. സ്ത്രീകൾക്ക് സ്ത്രീകളെന്ന നിലക്കുള്ള അവരുടെ ശരിയായ ഔന്നത്യത്തിലേക്ക് മടങ്ങാൻ സാധ്യമാക്കുന്നതിന് എന്തു ചെയ്യണമെന്ന പ്രശ്നത്തെപ്പറ്റി പത്രങ്ങളിലും പൊതുസംഘടനകളിലും തൊഴിൽസ്ഥലത്തും വീട്ടിലും ഇപ്പോൾ ചൂടുപിടിച്ച വാദപ്രതിവാദങ്ങൾ നടക്കുന്നത് അതിനാലാണ് (പെരിസ്ത്രോയിക്ക, മിഖായേൽ ഗോർബച്ചേവ്, പേജ് 140, പ്രസാധനം, പ്രഭാത് ബുക്ക് ഹൗസ്, 1988)*

സ്വപ്നസുന്ദര സുരഭില സോവിയറ്റ് യൂനിയന്റെ വലിയൊരു പ്രത്യേകത എന്തായിരുന്നുവെന്നല്ലേ. ആണും പെണ്ണും അവിടെ ഒരുപോലെ. മുതലാളിയും തൊഴിലാളിയും മാത്രമല്ല, ആണും പെണ്ണും കൂടി ഒരുപോലെയാകുന്ന വ്യവസ്ഥക്കാണ് നാം സോഷ്യലിസം എന്നു പറയുക. അങ്ങനെ ആണിനെയും പെണ്ണിനെയും ഒന്നാക്കാൻ പണിയെടുത്ത സാമ്രാജ്യത്വത്തിന്റെ അധിപന്റെ കുമ്പസാരക്കുറിപ്പാണ് നാം മേൽ വായിച്ചത്.

തലവേദനയും ജലദോഷവും വരുമ്പോൾ ചികിത്സക്ക് പോവുക, സമയാസമയങ്ങളിൽ പലവിധ അവാർഡുകൾ, ഫെല്ലോഷിപ്പുകൾ തുടങ്ങിയവ ഒപ്പിച്ചെടുക്കുക, പത്രവും പുസ്തകശാലയും നടത്താൻ ഫണ്ട് ഒപ്പിക്കുക തുടങ്ങി പലവിധ കാര്യങ്ങൾക്ക് വേണ്ടിയുള്ള കേന്ദ്രം എന്ന നിലക്കാണ് നമ്മുടെ നാട്ടിലെ സഖാക്കൾക്ക് സോവിയറ്റ് യൂനിയൻ പ്രിയങ്കരമായത്. പക്ഷേ അദ്ദേഹമവർകൾ പരേതനായിട്ടും അതിന്റെ പ്രേതബാധ നാടൻ സഖാക്കളെ ഇനിയും വിട്ടുമാറിയിട്ടില്ല എന്നതാണ് വാസ്തവം.

റിട്ടയർ ചെയ്ത അധ്യാപകരുടെയും ഉദ്യോഗസ്ഥരുടെയും പ്രഫസർമാരുടെയും വാർധക്യകാല വിനോദത്തിന്റെ പേരാണ് ശാസ്ത്ര സാഹിത്യ പരിഷത്ത് എന്നു പറയുന്നത്. കഴിഞ്ഞ നൂറ്റാണ്ടിന്റെ ആദ്യത്തിൽ യൂറോപ്പിൽ ഉടലെടുത്ത് പ്രചരിച്ച വലിയൊരു അന്ധവിശ്വാസമായ മതേതരത്വത്തിൽ ഇപ്പോഴും വിശ്വസിക്കുന്ന സാധുക്കൾ. ശാസ്ത്രീയ ബോധം, മതേതരത്വം, ലിംഗസമത്വം തുടങ്ങിയ അടിസ്ഥാനങ്ങളിൽ നമ്മുടെ വിദ്യാഭ്യാസത്തെ അടിമുടി മാറ്റിപ്പണിയാൻ പ്രതിജ്ഞയെടുത്തവർ. അതിനായി പുസ്തകങ്ങൾ, ശിൽപശാലകൾ, നാടകം, കവിത, കാവടിയാട്ടം, ചാക്യാർകൂത്ത് തുടങ്ങി പരിഷത്ത് നടത്തിനോക്കാത്ത വേലകളില്ല. ആരു ഭരിച്ചാലും, കാലങ്ങളായി അവർ തന്നെയാണ് വിദ്യാഭ്യാസത്തിന്റെ കാര്യം നടത്തുന്നത്. അതിന് പല വഴിയിൽ ഫണ്ടും കിട്ടിക്കൊണ്ടിരിക്കും.

പറഞ്ഞിട്ടെന്താ, ഇക്കണ്ട പണിയാകെ നടത്തിയിട്ടും ശാസ്ത്രീയബോധമുള്ള സോഷ്യലിസ്റ്റ് തലമുറ ഉയർന്നുവരുന്നില്ല. മതബോധവും മതത്തോടുള്ള ആഭിമുഖ്യവും വളർന്നുകൊണ്ടേയിരിക്കുന്നു. സാരിയേക്കാൾ പർദ പ്രസക്തമാവുന്നു. പാർട്ടി ആപ്പീസിനേക്കാൾ പള്ളി ജനനിബിഢമാവുന്നു.

എന്നാൽ ഇക്കുറി അത് പറ്റില്ല. വിദ്യാഭ്യാസത്തെ സമ്പൂർണമായി മതേതരവത്കരിച്ചേ അടങ്ങൂ. ദൈവം, മതം, സ്ത്രീ-പുരുഷ വേർതിരിവ്, സദാചാരം, കുടുംബ ഘടന തുടങ്ങി എല്ലാ ഏടാകൂടങ്ങളെയും ചെവിക്കു പിടിച്ച് പുറത്താക്കണം. ആധുനിക, ശാസ്ത്രീയ വിദ്യാഭ്യാസം വാഴ്ക! വിദ്യാഭ്യാസത്തിന്റെ സചിവോത്തമൻ ഞമ്മന്റ സ്വന്തം ആളാണ്. ശാസ്ത്രീയ സോഷ്യലിസം കലക്കിക്കുടിച്ച സ്വന്തം സഖാവ്. സഖാക്കളേ മുന്നോട്ട്. അങ്ങനെ ആദിയിൽ ഫോക്കസ് ഗ്രൂപ്പുകൾ ഉണ്ടായി. പിന്നീട് കർത്താവ് *കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2007* ഉണ്ടാക്കി.

അധ്യാപകൻ എന്നു പ്രയോഗിക്കുന്നിടത്തൊക്കെ അധ്യാപിക. വിദ്യാർഥി എന്നുള്ളിടത്തൊക്കെ വിദ്യാർഥിനി. അറ, തറ, പറ പാഠങ്ങൾ ഇനിമേൽ ഇങ്ങനെ:

അ-അഛരൻ. അഛരൻ അപ്പം ചുട്ടു.
അ ഛര ൻ
വെള്ളം കോരി.
അ ഛര ൻ
തുണി അലക്കി.

അ-അമ്മ. അമ്മ തെങ്ങിൽ കയറി.
അ മ്മ
വണ്ടി ഓടിച്ചു........

ഇതാണ് പരിഷത്ത് വിദ്യാഭ്യാസം. ധാർമിക വിദ്യാഭ്യാസത്തെക്കുറിച്ച് നിരവധി വിദ്യാഭ്യാസ കമീഷനുകൾ അടിവരയിട്ട് പറഞ്ഞിട്ടുണ്ട്. ചട്ടക്കൂട് രേഖ അതിനെക്കുറിച്ച് ഒന്നുമേ പറയുന്നില്ല. മതം പണ്ടേ പടിക്കുപുറത്താണ്. മതം പഠിപ്പിക്കരുത്, മതത്തെക്കുറിച്ചേ പഠിപ്പിക്കാവൂ എന്നത് മതേതര താലിബാനികളുടെ പണ്ടേയുള്ള വാശിയാണ്.

മതവും ധാർമികതയും ദൈവബോധവും പാഠ്യപദ്ധതിക്ക് പുറത്തായപ്പോൾ മുസ്‌ലിംകൾ സ്വന്തമായി ആവിഷ്കരിച്ച സംവിധാനമാണ് മദ്റസകൾ. മദ്റസകളെ പൊളിക്കാനും പുതിയ പരിഷ്കരണം കൊണ്ട് സാധിക്കുമോ എന്ന് അവർ

അന്വേഷിക്കാതെയല്ല. പക്ഷേ, ഈ സാധുക്കൾ ഇനിയും മനസ്സിലാക്കാത്തൊരു കാര്യമുണ്ട്. പത്തെഴുപത് കൊല്ലക്കാലം സർവ സന്നാഹങ്ങളുമുപയോഗിച്ച് സോവിയറ്റ് യൂനിയൻ ശ്രമിച്ചുനോക്കിയിട്ട് നടക്കാത്ത കാര്യങ്ങൾ പരിഷത്തിന്റെ പല്ലുകൊഴിഞ്ഞ ബുദ്ധിജീവികൾക്ക് സാധിക്കുമെന്നോ? അമ്മയെ തെങ്ങിൽ കയറ്റിയും അഛനെക്കൊണ്ട് തുണി അലക്കിപ്പിച്ചും ലിംഗസമത്വവും ശാസ്ത്രീയബോധവും ഉണ്ടാക്കിയെടുക്കാൻ കഴിയുമെന്നത് ചന്തമുള്ളൊരു ചിന്ത തന്നെ. അതാണ് പറയുന്നത്; പടച്ചവനേ, ബുദ്ധിജീവികൾക്ക് സാമാന്യ ബുദ്ധി നീ വേറെത്തതന്നെ കൊടുക്കേണമേ എന്ന്. ■